# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം
നമ്പർ *154

14.08.2017-ലെ
മറുപടിക്ക്

## ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ ശശി<br>ശ്രീ. എസ്. ശർമ്മ<br>പ്രൊഫ. കെ.യു.അരുണൻ<br>ശ്രീ. ജോർജ് എം. തോമസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്. മുഖ്യമന്ത്രിതലത്തിലും, കൃഷി, ജലവിഭവം, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിമാർതലത്തിലും അവലോകനം ചെയ്യാറുണ്ട്. കൂടാതെ നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെട്ട നാല് മിഷനുകളുടേയും അവലോകനം ചീഫ് സെക്രട്ടറി തലത്തിലും നടത്താറുണ്ട്. അതിൽ ഹരിതകേരളം മിഷന്റെ പ്രവർത്തനവും അവലോകനം ചെയ്യാറുണ്ട്. |
| (ബി) പ്രസ്തുത മിഷന്റെ ഭാഗമായി മാലിന്യസംസ്ക്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) ശുചിത്വ-മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനായി "മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം" എന്ന ഒരു ഊർജിത മാലിന്യ സംസ്കരണ കാമ്പയിൻ ആരംഭിച്ചിരിക്കുകയാണ്. ഇതിന്റെഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണപദ്ധതികൾ നടപ്പിലാക്കുന്നതിനു വിശദമായ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും വിശദമായ പദ്ധതി തയ്യാറാക്കി നിർവ്വഹണം നടത്തിവരുന്നു. |
| (സി) ഉറവിടമാലിന്യസംസ്കരണം സംബന്ധിച്ചും പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ചുമുള്ള നയം വ്യക്തമാക്കുമോ; | (സി) ജൈവമാലിന്യം എവിടെയാണോ ഉണ്ടാകുന്നത് ആ ഉറവിടത്തിൽതന്നെ അത് സംസ്കരിക്കുന്നതിനാണ് മുൻതൂക്കം കൊടുക്കുന്നത്. ഉറവിടത്തിൽ സാദ്ധ്യമാകുന്നില്ല എങ്കിൽ പൊതു ജൈവമാലിന്യസംസ്കരണ സംവിധാനം സ്ഥാപിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. |

അജൈവമാലിന്യങ്ങൾ പുനരുപയോഗത്തിനോ പുനചംക്രമണം നടത്തുന്നതിനോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾക്ക് കൈമാറണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിരാജ്-മുൻസിപ്പൽ നിയമങ്ങളിലെ വ്യവസ്ഥ പ്രകാരം പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നവരിൽനിന്നും തത്സമയം 250 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്താൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ഇപ്രകാരം പിഴയടയ്ക്കാത്തവർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും അതു പ്രകാരം 2000 രൂപ വരെ പിഴ ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നഗരപ്രദേശങ്ങളിൽ കേന്ദ്രീകൃത മാലിന്യസംസ്കരണസംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(ഡി) ഉദ്ദേശിക്കുന്നുണ്ട്. ഉറവിടത്തിൽ മാലിന്യ സംസ്കരണം സാദ്ധ്യമാകുന്നില്ല എങ്കിൽ പൊതു ജൈവമാലിന്യ സംസ്കരണസംവിധാനം സ്ഥാപിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ചില നഗരങ്ങളിൽ എങ്കിലും കേന്ദ്രീകൃത മാലിന്യസംസ്കരണം ആവശ്യമായി വരുമെന്നതിനാൽ അതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിക്കുന്നുണ്ട്. കൂടാതെ ഭൂലഭ്യത കുറവുള്ള നഗര പ്രദേശങ്ങളിൽ മാലിന്യ നിർമാർജ്ജനത്തിനായി പരിസ്ഥിതി സൗഹൃദപരമായ ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള താല്പര്യപത്രം കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC) ക്ഷണിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും, ജലസമൃദ്ധിയും വീണ്ടെടുക്കുന്നതിനും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമാണ് ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി ഹരിതകേരളം മിഷൻ ശുചിത്വ മാലിന്യ സംസ്കരണം, ജല സംരക്ഷണം, കൃഷി വികസനം എന്നീ മൂന്നു ഉപദൗത്യങ്ങളെ സംയോജിപ്പിച്ച് പ്രവർത്തിച്ച് വരുന്നു. ഇവയുടെ പ്രവർത്തന ലക്ഷ്യങ്ങൾ താഴെ വിവരിക്കുന്നു.

### 1. ശുചിത്വ മാലിന്യ സംസ്കരണം

**ലക്ഷ്യങ്ങൾ**

1. പുതിയ നഗര ഖര-മാലിന്യ സംസ്കരണ നിയമപ്രകാരം ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്തവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക.
2. ഉത്തരവാദിത്ത മാലിന്യപരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരൻമാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക.
3. സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം സാധ്യമാക്കുന്നതിനുമുള്ള സഹായം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക.
4. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക.

### ഉപദൗത്യം 2: ജലസംരക്ഷണം (ജലസമൃദ്ധി)

**ലക്ഷ്യങ്ങൾ**

1. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തട അടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
2. പുതിയൊരു ജലസംരക്ഷണ- വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക.
3. ജലസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഭാവിതലമുറയ്ക്കു കൂടി ഉറപ്പാക്കുക.
4. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക.

## ഉപദൗത്യം 3: ജൈവകൃഷിരീതിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം - സുജലം സുഫലം

### ലക്ഷ്യങ്ങൾ

1. പച്ചക്കറിയിലും മറ്റ് അടിസ്ഥാനകൃഷി ഉല്പന്നങ്ങളിലും (പ്രത്യേകിച്ച് നെല്ല്, പഴവർഗ്ഗങ്ങൾ) സ്വയം പര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.
2. ഗാർഹിക സ്ഥാപന തലങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പു വരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.
3. വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതര കൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക.
4. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കുക.
5. ലാഭകരമായ കൃഷിയിലൂടെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടെയും കാർഷികമേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
6. സമ്പദ് വ്യവസ്ഥയിൽ കാർഷികമേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക.
7. ജലസ്രോതസ്സുകൾക്കുചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അവയ്ക്ക് വേണ്ട സാങ്കേതിക സഹായം ലഭ്യമാക്കുകയും ചെയ്യുക എന്ന പ്രവർത്തന രീതിയാണ് ഹരിതകേരളം മിഷൻ ആവിഷ്കരിച്ചിട്ടുള്ളത്.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സമയബന്ധിതമായി കൈവരിക്കുന്നതിന് സമയാസമയങ്ങളിൽ നിരീക്ഷണവും അവലോകനവും നടത്തേണ്ടതുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനമിഷൻ യോഗങ്ങളും കൃഷി, ജലവിഭവം, തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിമാരുടെ തലത്തിൽ യോഗങ്ങളും നടത്തി പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്. കൂടാതെ, നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെട്ട നാല് മിഷനുകളുടേയും അവലോകനം ചീഫ് സെക്രട്ടറി തലത്തിലും നടത്താറുണ്ട്. അതിൽ ഹരിതകേരളം മിഷന്റെ പ്രവർത്തനവും അവലോകനം ചെയ്യാറുണ്ട്. നവകേരളം കർമ്മപദ്ധതിയിൻകീഴിലുള്ള നാല് മിഷനുകളുടെ നിരീക്ഷണത്തിനും വിലയിരുത്തലിനും വേണ്ടി ഒരു മിഷൻ മോണിട്ടറിംഗ് ടീമും പ്രവർത്തിച്ചുവരുന്നുണ്ട്.

ജൈവമാലിന്യം എവിടെയാണോ ഉണ്ടാകുന്നത് ആ ഉറവിടത്തിൽതന്നെ അത് സംസ്കരിക്കുന്നതിനാണ് മുൻതൂക്കം കൊടുക്കുന്നത്. ഉറവിടത്തിൽ സാദ്ധ്യമാകുന്നില്ല എങ്കിൽ പൊതു ജൈവമാലിന്യസംസ്കരണ സംവിധാനം സ്ഥാപിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. അജൈവമാലിന്യങ്ങൾ പുനരുപയോഗത്തിനോ പുനചംക്രമണം നടത്തുന്നതിനോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികൾക്ക് കൈമാറണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കേരള മുൻസിപ്പാലിറ്റി നിയമം 334 (എ) പ്രകാരം വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻസ്റ്റാളുകൾ, മത്സ്യ സ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, ഫ്ലാറ്റുകൾ ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 400 ചതുരശ്രമീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകൾ, നഗരസഭ വിജ്ഞാപനം ചെയ്യുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ ഉത്തരവാദിത്തപ്പെട്ടവർ ഉറവിടത്തിൽതന്നെ ജൈവ-ജൈവേതര മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കേണ്ടതും ജലം, വായു, ശബ്ദം എന്നിവ മലിനീകരിക്കാതെ മാലിന്യത്തിന്റെ ഉറവിടത്തിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൂർ അനുമതിയോടെ അവരവരുടെ സമീപ പ്രദേശത്ത് വെച്ചോ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. സ്ഥലപരിമിതി ഉള്ളവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയോ, സർക്കാർ അംഗീകാരമുള്ള ഏജൻസി മുഖേനയോ ഫീസ് ചുമത്തി മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വ്യവസ്ഥ പാലിക്കേണ്ടതാണ്. ഈ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ആറു മാസത്തിൽ കുറയാതെയും, ഒരു വർഷം വരെയോ തടവോ, പതിനായിരം രൂപയിൽ കുറയാതെയും, അമ്പതിനായിരം രൂപ വരെയും പിഴയോ രണ്ടും കൂടിയോ ഉള്ള ശിക്ഷക്കോ വ്യവസ്ഥ ഉണ്ട്. പഞ്ചായത്തിരാജ്-മുൻസിപ്പൽ നിയമങ്ങളിലെ വ്യവസ്ഥ പ്രകാരം പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നവരിൽനിന്നും തത്സമയം 250 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്താൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ഇപ്രകാരം പിഴയടയ്ക്കാത്തവർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും അതു പ്രകാരം 2000 രൂപ വരെ പിഴ ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിക്കുന്നതാണ്.

അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിച്ച് പ്ലാന്റുകളിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ സംവിധാനം, മാലിന്യം ഉത്പാദിപ്പിക്കുന്നവർക്ക് മാലിന്യസംസ്കരണത്തിൽ അവബോധം സൃഷ്ടിക്കൽ, മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കനത്ത പിഴ ഈടാക്കൽ തുടങ്ങിയവ കൂടി ഉൾപ്പെടുത്തി മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ ശുചിത്വമിഷൻ പുതുക്കി പുറപ്പെടുവിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യസംസ്കരണത്തിൽ ഉറവിടസംസ്കരണത്തിന് ഊന്നൽ നൽകുന്നതിനോടൊപ്പം കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനങ്ങളും പരിഗണിക്കണമെന്നും ഈ മേഖലയിൽ രാജ്യത്തിനകത്തും പുറത്തുമുള്ള ഫലപ്രദവും വിജയകരവുമായ മോഡലുകൾ കണ്ടെത്തുന്നതിനും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. മാലിന്യം ഉത്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്തമാണ് അതിന്റെ സംസ്കരണമെന്നും, ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരണ പ്ലാന്റുകളിൽ എത്തിക്കുന്നതിന് പ്രത്യേകം സംവിധാനങ്ങൾ ഉണ്ടാകണമെന്നും മാലിന്യസംസ്കരണത്തിനാവശ്യമായ ടെക്നോളജിയും, പ്ലാന്റുകളും സ്ഥാപിക്കേണ്ടതുണ്ടെന്നും ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഉത്തരവാദിത്തമുണ്ടെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൊച്ചി, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിൽ തുടങ്ങിയ കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം എത്രയുംവേഗം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.